## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6688 12.07.2012-ൽ മറുപടിക്ക്

**സർവ്വീസ് സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക്**
**മാനേജീരിയൽ ട്രെയിനിംഗ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സർവ്വീസ് സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് പ്രത്യേക മാനേജീരിയൽ ട്രെയിനിംഗ് നൽകി അവരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ ജീവനക്കാർക്ക് അവരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിന് ഹ്രസ്വകാല ട്രെയിനിംഗ് നൽകുന്നതിന് കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 185-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഹ്രസ്വകാല ട്രെയിനിംഗ് നൽകുന്നതിനായി അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്-നെയും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, തിരുവനന്തപുരം/കണ്ണൂർ-നെയും, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റിനെയും, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ട്രെയിനിംഗ് സിലബസ്, സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഹ്രസ്വകാല ട്രെയിനിംഗിന്റെ നടത്തിപ്പ് നിശ്ചിത ഇടവേളകളിൽ സഹകരണ സംഘം രജിസ്ട്രാർ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) സഹകരണ ആശുപത്രികളിലെ ജീവനക്കാരുടെ ശമ്പളസ്കെയിൽ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ ? | (ബി) സഹകരണ ആശുപത്രികളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും 01.08.2008 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് 17.07.2009 ലെ ജി.ഒ(എം.എസ്)114/09/സഹ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**